# മരിയൻ ദൂത്

St. Mary's Knanaya Catholic Parish of Chicago



Vol XV - Issue 022 May 25 2025 www.smkcparish.us | (847) 583 2910 | skmudakodi@gmail.com | 7800 Lyons st, Morton Grove, IL-60053


# ദൈവദാസൻ മാത്യു മാക്കിൽ പിതാവ് ധന്യൻ പദവിയിലേക്ക്






ദൈവദാസൻ ബിഷപ് മാത്യു മാക്കീലിന്റെ നാമകരണച്ചടങ്ങുകളുമായി ബന്ധപ്പെട്ട് വിശുദ്ധരുടെ നാമകരണച്ചടങ്ങുകൾക്കായുള്ള വത്തിക്കാൻ ഡികാസ്റ്ററിയുടെ പ്രഖ്യാപനം പുറത്തിറങ്ങി. ഇതിനായി ലിയോ പതിനാലാമൻ പാപ്പായുടെ അനുവാദം ലഭിച്ചതിനെത്തുടർന്ന്, മെയ് 22 വ്യാഴാഴ്ച ഡികാസ്റ്ററി അദ്ധ്യക്ഷൻ കർദ്ദിനാൾ മർച്ചെല്ലോ സെമെറാറോയാണ് ദൈവദാസരായ ബിഷപ് മാത്യു മാക്കീൽ, ബിഷപ് അലെസ്സാൻഡ്രോ ലബാക്ക ഉഗാർത്തെ, ദൈവദാസി സി. അഞ്ചേസെ അറാങ്കോ വെലാസ്കസ് എന്നീ പുണ്യാത്മാക്കളുടെ നാമകരണച്ചടങ്ങുകളുമായി ബന്ധപ്പെട്ട ഡിക്രി പ്രസിദ്ധീകരിച്ചത്.

ഇതോടെ ദൈവദാസനും, 1889 മുതൽ കോട്ടയം വികാരിയാത്തിൽ തെക്കുംഭാഗ ക്കാർക്കായുള്ള വികാരി ജനറലും, തുടർന്ന് 1896 മുതൽ ചങ്ങനാശേരിയുടെയും, 1911-ൽ ക്നാനായ കത്തോലിക്കാർക്കായി സ്ഥാപിക്കപ്പെട്ട കോട്ടയത്തിന്റെയും പ്രഥമ തദ്ദേശീയ അപ്പസ്തോലിക വികാരിയും ആയിരുന്ന ബിഷപ് മാത്യു മാക്കീലിന്റെ വീരോചിത പുണ്യങ്ങൾക്കാണ് പരിശുദ്ധ സിംഹാസനം അംഗീകാരം നൽകിയിരിക്കുന്നത്.

ദൈവദാസരെ വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേക്ക് ഉയർത്തുന്നതിലേക്ക് നയിക്കുന്ന ചവിട്ടുപടികളിൽ പ്രധാനപ്പെട ഒന്നാണ് ഈ പ്രഖ്യാപനം.

ഇതു ക്നാനായ സമുദായത്തിന്റെ 1700 വർഷത്തെ ത്യാഗ പൂർണ്ണമായ അതിജീവനത്തിനു തിരുസഭ അറിഞ്ഞു നൽകുന്ന ചരിത്രപരമായ അംഗീകാരമാണ്. കോട്ടയം അതിരൂപതയിലെ വിസിറ്റേഷൻ സന്ന്യാസിനീ സമൂഹത്തിന്റെ സ്ഥാപകൻ കൂടിയാണ് ദൈവദാസൻ ബിഷപ് മാത്യു മാക്കീൽ. 1851 മാർച്ച് 27-ന് മാഞ്ഞൂരിൽ ജനിച്ച അദ്ദേഹം 1914 ജനുവരി 26-നാണ് മരണമടഞ്ഞത്.

ദൈവദാസരെ വിശുദ്ധരായി നാമകരണം ചെയ്യുന്നതിലേക്ക് നയിക്കുന്ന പടികളിൽ ഒന്നാണ് ഈ പ്രഖ്യാപനം. സാധാരണയായി ദൈവദാസനായി പ്രഖ്യാപിക്കപ്പെട്ടയാളെ പിന്നീട് ധന്യപദവിയിലേക്കും, തുടർന്ന് വാഴ്ത്തപ്പെട്ടവരുടെ പദവിയിലേക്കും ഉയർത്തിയശേഷമാണ് വിശുദ്ധനായി പ്രഖ്യാപിക്കുക.

# Church Schedule

## HOLY Qurbana in MALAYALAM

Sunday 8.:00 AM, 10: 00 AM & 5.30 PM
Monday - Friday 8:15 AM
Monday-Thursday 7:00PM
Saturday - 10:00AM

## HOLY QURBANA IN ENGLISH

Sunday - 11:40 AM
Friday - 6:00 PM

## NOVENA (AFTER HOLY QURBANA)

Tuesday: St. Anthony
Thursday: St.Jude
Saturday: Our Lady of Perpectual Help
1st Wednesday: St. Michael

## CONFESSION

Everyday before Holy Qurbana

## RELIGIOUS EDUCATION

Sunday: 10:00AM

## ADORATION CHAPEL

9:00AM - 9:00 PM




## Liturgical Bible Readings

**ഉയിർപ്പുകാലം : ആറാം ഞായർ**

**Scripture Reading:**
**St. Xaviers Koodarayogam**

ഏശ 52:7-12 (51:9-11 + 52:7-12)
ലോകം മുഴുവൻ ദൈവത്തിന്റെ രക്ഷ കാണും

ശ്ലീഹ 10:9-16 (10:1-16)
എല്ലാം ദൈവം വിശുദ്ധീകരിച്ചവ

എഫേ 2:11-22 (2:4-22)
എല്ലാവരും മിശിഹായിൽ ഒന്ന്

യോഹ 17:20-26 (17:1-26)
അവരെല്ലാവരും ഒന്നാകണം

## CONTACT INFORMATION

Fr. Siju Mudakodil (Vicar): (210)630 2295
Fr. Anish Maveliputhenpura (Asst. Vicar): 773 423 7292
Sr. Shalom S.V.M (Parish Secratry): (626)247-0340
Sabu Kattapuram(Trustee Cordinator): (847) 791 1452
Lukose Poozhikunnel (Trustee) : (708)917 9989
George Mattathilparambil (Trustee): (847)606 1642
Binu Poothurayil (Trustee): (847)644 9869
Nibin Vettikkattil (Youth Trustee): (773)934 3535
James Mannakulathil (Accountant): (312)622 3326
Sunny Meledam (Secratary): (773)550 1995
Anil Mattathikunnel (P.R.O): (773)280 3632
Saji Poothrukayil (DRE): (847) 293 9409
Maneesh Kaimoolayil (Asst. DRE): (773)550 6328
Peter Kulangara(Funeral Cordinator): (847)951 4476
Visitation Convent: (847) 603 8881

## MARK YOUR CALENDER

May 25: Solemn Reception of Holy Communion and Inauguration of 15th Anniversary Celebrations by Mar Mathew Moolakkattu
May 29: Reception to Major Archbishop, Pontifical Mass and recognitions.
May 30: Recognition of CCD Teachers
May 31st: Vanakkamasa Samapanam
June7: Feast of St. Mariam Thresia
June 8: The Feast of Pentecost
June 15: Father's Day Celebrations
August 3 - 11: Solemn Parish Feast

# സ്നേഹത്തിൽ ഒന്നായിരിക്കുക



ഉയിർപ്പുകാലത്തിന്റെ ആറാം ഞായറാഴ്ചയിൽ തിരുസഭാമാതാവ് വിചിന്തനത്തിനായി നമുക്കു നൽകിയിരിക്കുന്നത് ക്രിസ്തുവിന്റെ പുരോഹിതപ്രാർഥന എന്നറിയപ്പെടുന്ന വി. യോഹന്നാന്റെ സുവിശേഷത്തിലെ 17-ാം അധ്യായം ഒന്നുമുതലുള്ള ഭാഗങ്ങളാണ്. "പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ആയിരിക്കുന്നതിനും അങ്ങനെ അവിടുന്ന് എന്നെ അയച്ചുവെന്ന് ലോകം അറിയുന്നതിനും വേണ്ടി ഞാൻ പ്രാർഥിക്കുന്നു." തന്നിൽ വിശ്വിസിക്കുന്നവർ സ്നേഹത്തിന്റെ ഐക്യത്തിൽ ഒന്നാകുന്നതിനുവേണ്ടി പിതാവിന്റെ പക്കൽ ക്രിസ്തു നടത്തുന്ന അതിമനോഹരവും അനുകരണീയവുമായ ഒരു പ്രാർഥന.

ഈ പ്രാർഥനയ്ക്ക് മൂന്നു ഭാഗങ്ങളാണുള്ളത്. ഒന്നാം ഭാഗത്ത്, ക്രിസ്തു തനിക്കു വേണ്ടിത്തന്നെ പ്രാർഥിക്കുന്നു. പ്രാർഥനയുടെ രണ്ടാം ഭാഗത്ത് ഈശോ പ്രാർഥിക്കുന്നത് തന്റെ ശിഷ്യർക്കുവേണ്ടിയാണ്. തന്നിൽ വിശ്വസിക്കാനിരിക്കുന്ന ഭാവിശിഷ്യർക്കു വേണ്ടിയാണ് മൂന്നാം ഭാഗത്ത് ഈശോ പ്രാർഥിക്കുന്നത്. രണ്ടായിരം വർഷങ്ങൾക്കുമുമ്പേ തന്നെ ക്രിസ്തു തന്റെ ശിഷ്യർക്കും അവനിലേക്കു കടന്നുവരാനിരിക്കുന്ന നമുക്കുവേണ്ടിയും പിതാവിനോടു പ്രാർഥിച്ചു. എന്നാൽ, നാം സമ്പന്നനോ, കോടീശ്വരനോ ആകുന്നതിനു വേണ്ടിയല്ല. മറിച്ച്, അവനിൽ വിശ്വസിക്കുന്ന ഏവനും ഐക്യത്തിൽ ഒന്നായിരിക്കുന്നതിനു വേണ്ടിയാണ് അവൻ പ്രാർഥിച്ചത്. വിശ്വാസികളുടെ ഐക്യത്തിലൂടെ യേശുവിനെ അയച്ചത് പിതാവായ ദൈവമാണെന്നു വെളിപ്പെടുകയും വിശ്വാസികൾ ക്രിസ്തുശിഷ്യരാണെന്ന് ലോകം അറിയുകയും ചെയ്യും. പരസ്പരസ്നേഹത്തിലുള്ള സഭയുടെ ഐക്യമായിരുന്നു ക്രിസ്തുവിന്റെ പ്രാർഥന. അതുകൊണ്ടാണ് യോഹന്നാൻ ശ്ലീഹാ ക്രിസ്തുവിന്റെ വാക്കുകൾ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നത്: "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ. നിങ്ങൾക്ക് പരസ്പരം സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാരാണെന്ന് അതുമൂലം എല്ലാവരും അറിയും."

സ്നേഹത്തിൽ ഒന്നായിരിക്കുക എന്നതാണ് ഈശോയുടെ പുരോഹിത പ്രാർഥനയിലെ സാരാംശങ്ങളിലൊന്ന്. അതുകൊണ്ടുതന്നെ ദൈവത്തോടും ചുറ്റുമുള്ള സഹോദരങ്ങളോടും ഐക്യത്തിൽ ജീവിക്കാൻ നാം പരിശ്രമിക്കേണ്ടിയിരിക്കുന്നു. ക്രിസ്തീയ ദൈവ ശാസ്ത്രത്തിന്റെ അടിസ്ഥാനമായ ത്രിതൈ്വക ദൈവത്തിന്റെ കൂട്ടായ്മ മുതൽ പിതാവായ ദൈവത്തെ സ്തുതിച്ചുവാഴ്ത്തുന്ന ഇടമായ സ്വർഗരാജ്യം വരെ കൂട്ടായ്മയുടെ സൗന്ദര്യത്തെ ഓർമ്മിപ്പിക്കുന്നുണ്ട്. നാമോരോരുത്തരും ത്രിയേകദൈവത്തിന്റെ ഈ കൂട്ടായ്മയിലേക്കു വളരേണ്ടവരാണ്. നമ്മുടെ അനുദിന വിശുദ്ധ ബലികളും പ്രാർഥനാവേളകളുമെല്ലാം ഇതിന് നമ്മെ സഹായിക്കുന്നവയാണ്. പക്ഷേ, ഈ പ്രാർഥനാവേളകൾ ഒരു ആൾക്കൂട്ടത്തിന്റെയോ, ജനാവലിയുടെയോ ആവിഷ്ക്കാരമായാൽ അവിടെ ദൈവസാന്നിധ്യമുണ്ടാകുകയില്ല. അപരന്റെ ദുഃഖങ്ങളിൽ അവനെ ആശ്വസിപ്പിക്കുകയും അവന്റെ ആവശ്യങ്ങളിൽ അവനെ സഹായിക്കുകയും സഹോദരനോട് അവന്റെ തെറ്റുകൾ ക്ഷമിച്ച് അവനെ സ്നേഹിക്കുമ്പോഴും മാതാപിതാക്കളും മക്കളുമെല്ലാം പരസ്പരം സ്നേഹിച്ചും ക്ഷമിച്ചും വളർത്തിയും ഐക്യത്തിൽ മുന്നോട്ടുനീങ്ങുമ്പോഴും ക്രിസ്തു വിഭാവനം ചെയ്ത ഐക്യത്തിലേക്ക്, സ്നേഹത്തിന്റെ കൂട്ടായ്മയിലേക്ക് നാം വളരുകയായിരിക്കും ചെയ്യുക.

# "THAT THEY MAY BE ONE"

## THE HEART OF CHRIST'S PRAYER FOR UNITY AND LOVE



As we enter the sixth Sunday of the Easter season, the Holy Mother Church presents for our reflection the Gospel according to St. John, chapter 17—known as the High Priestly Prayer of Christ. This deeply moving prayer reveals Christ's intimate conversation with the Father, filled with divine love and intercession. One of the most powerful lines from this passage is:

"Father, I pray that they may all be one, as You are in Me and I am in You. May they also be in Us so that the world may believe that You have sent Me." (John 17:21)

This prayer is a call for unity—an appeal that all who believe in Christ may become one in love, just as the Father and the Son are one. It is not a prayer for wealth or worldly success, but for a deeper communion among believers. In this prayer, Christ entrusts to the Father not just His current disciples, but all those who would come to believe through their word. This includes us—today's faithful.

The prayer is structured in three parts. In the first part, Christ prays for Himself, seeking the glorification that will come through His Passion.

through His Passion. In the second part, He prays for His immediate disciples, asking the Father to protect and sanctify them. Finally, in the third part, He prays for all future believers—that they may be united in love and reflect the perfect unity of the Trinity. This shows that even two thousand years ago, Jesus prayed for us, not for material gain but for unity through love, so that the world might recognize God's presence among us.

Christ's longing for unity is also a longing for the Church to be known by love. This is why St. John the Apostle records the words of Jesus so clearly: "Love one another as I have loved you. By this everyone will know that you are My disciples, if you love one another." (John 13:34–35)

This message challenges us to reflect: Are we living in harmony with one another? Are our families, communities, and parishes places where forgiveness, patience, and love flourish? From the Trinitarian unity that defines Christian theology, to the eternal praise of heaven, the call to live in communion is ever-present. Our Eucharistic celebrations and daily prayers are meant to nurture this unity.

However, if our spiritual practices become routine or performed without genuine love and concern for others, the true presence of God will be absent. When we comfort someone in sorrow, assist the needy, forgive those who wrong us, and nurture peace within our homes, we take part in building the unity Christ prayed for. In doing so, we grow toward the fellowship of divine love, becoming reflections of Christ's own heart and answering His prayer for a united, loving Church.

# St. Mary's Knanaya Catholic Church Ready for Solemn First Holy Communion Celebration on May 25




The St. Mary's Knanaya Catholic Church in Chicago is all set to celebrate one of its most cherished annual events—the Solemn First Holy Communion, which will take place on Sunday, May 25, at 3:00 PM. The event marks a significant spiritual milestone for the parish's young faithful as they receive the Holy Eucharist for the first time, a sacred step in their journey of faith.

The main celebrant of the Holy Mass will be Archbishop Mar Mathew Moolakkattu, the Archbishop of the Archeparchy of Kottayam. He will be joined in concelebration by Fr. Thomas Mulavanal, Knanaya Region Director, Fr. Siju Mudakodil, Vicar of St. Mary's Parish, and Fr. Aneesh Maveliputhenpurayil, Assistant Vicar.

This year, thirty children will receive the sacrament of the Holy Eucharist, following nearly a year of preparation through faith formation classes and spiritual guidance. The children have been guided through this important journey by the committed teachers of the parish's Faith Formation School, under the leadership of Saji Poothrikayil and Manish Kaimulayil. Their tireless work and dedication have helped nurture the children's understanding of the sacrament, instilling in them a sense of reverence and joy for this sacred moment.

The First Holy Communion is not only a personal spiritual awakening for the children, but also a celebration for the entire parish community. It is a moment of grace where the Church reaffirms its mission of passing the faith to the next generation. The celebration strengthens the bonds within the community, as families, catechists, clergy, and parishioners come together in prayer and thanksgiving. It is a powerful reminder of the role of the family and the parish as the first teachers of faith, guiding children into a life of communion with Christ.

Following the liturgical celebration at church, a festive reception will be held at White Eagle Banquet Hall in Niles, beginning at 6:00 PM. The evening will feature joyous fellowship, cultural programs, and a banquet organized by the parents to honor this significant day in the lives of their children.

The entire event is being coordinated under the leadership of Fr. Siju Mudakodil (Vicar), Fr. Aneesh Maveliputhenpurayil (Assistant Vicar), Sr. Shalom (Parish Secretary), trustees Sabu Kattapuram, Binu Poothurayil, Lukose Poozhikunnel, George Matathiparambil, Nibin Vettikkatt, Parish Council Secretary Sunny Meledam, as well as the Faith Formation School teachers, and parent representatives Jinu Punnasseril and Tinu Parayatt.

On behalf of all the parents of the First Communicants, we warmly invite all parishioners, extended families, and friends of the community to join us in this special celebration. Your presence, prayers, and blessings will make this day even more meaningful for our children as they take this joyful step into a deeper relationship with Jesus Christ.




## ചിക്കാഗോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയിൽ സീറോ മലബാർ സഭാധ്യക്ഷൻ മാർ റാഫേൽ തട്ടിലിന് സ്വീകരണം

ചിക്കാഗോ: ചിക്കാഗോയിലെ രണ്ടാമത്തെ ഇടവകയും പ്രവാസി ക്നാനായ സമൂഹത്തിലെ ഏറ്റവും വലിയ ഇടവകയുമായ ചിക്കാഗോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയുടെ പതിനഞ്ചാമത് വാർഷികാഘോഷങ്ങളിൽ പങ്കെടുക്കുവാൻ എത്തുന്ന സീറോ മലബാർ സഭാധ്യക്ഷൻ മേജർ ആർച്ച് ബിഷപ്പ് റാഫേൽ തട്ടിലിന് ഇടവകയിൽ സ്വീകരണം ഒരുക്കുന്നു. മെയ് **29** വ്യാഴാഴ്ച്ച വൈകിട്ട് **6** മണിക്കാണ് കോട്ടയം അതിരൂപതാധ്യക്ഷൻ മാർ മാത്യു മൂലക്കാട്ട്, ചിക്കാഗോ സീറോ മലബാർ രൂപതാധ്യക്ഷൻ മാർ ജോയി ആലപ്പാട്ട് എന്നിവരോടൊപ്പം എത്തുന്ന പിതാവിന് സ്വീകരണം ഒരുക്കുന്നത്. ഇടവകയുടെ പതിനഞ്ചാമത് വാർഷികാഘോഷങ്ങളുടെ ഭാഗമായി നടത്തപെടുന്ന ആഘോഷമായ പൊന്തിഫിക്കൽ കുർബ്ബാനയിൽ അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ മുഖ്യ കാർമികത്വം വഹിക്കും. മാർ മാത്യു മൂലക്കാട്ട്, മാർ ജോയി ആലപ്പാട്ട് എന്നിവരോടൊപ്പം ക്നാനായ റീജിയൻ ഡയറക്ടർ മോൺസിഞ്ഞോർ തോമസ് മുളവനാൽ, ഇടവകയുടെ സ്ഥാപക വികാരി ഫാ. എബ്രഹാം മുത്തോലത്ത് എന്നിവർ സഹകാർമ്മികരായിരിക്കും. ആഘോഷങ്ങളുടെ ഭാഗമായി ഇടവകയ്ക്ക് പതിനഞ്ച് വവർഷങ്ങളായി കൈക്കാരൻമാരായും, ഗാരന്റേഴ്സ് ആയും നേതൃത്വം നൽകിയ അല്മായരെയും ഈ വർഷം ഗ്രാജുവേറ്റ് ചെയ്ത യുവതീ യുവാക്കളെയും ആദരിക്കും. സ്നേഹവിരുന്നോടെയായിരിക്കും പരിപാടികൾ സമാപിക്കുക.

Dear Parish Family,

With hearts full of gratitude, we joyfully invite you to join us in celebrating the 15th Anniversary of St. Mary's Church on Thursday, May 29th at 6:00 PM.

We are honored to welcome the presence of Major Archbishop Mar Raphael Thattil, Archbishop Mar Mathew Moolakkattu, Bishop Mar Joy Alappatt, Fr. Thomas Mulavanal, and Fr. Abraham Mutholath.

The evening will begin with a bouquet presentation, followed by a procession including our First Holy Communion children, Women's Ministry, and Men's Ministry members.

Dress Code:

- Holy Communion Children: White dress
- Ladies: Blue saree
- Men: White mundu and white shirt

Holy Qurbana will be followed by a special blessing for our High School and College graduates by the Major Archbishop. Graduates will receive gifts from Fr. Siju Mudakodil during the banquet that evening.

We will also take a moment to honor the Church Executives who have served faithfully over the past 15 years.

The evening will conclude with a festive dinner with our bishops and clergy. Let us come together as one family to celebrate this beautiful milestone.

Sincerely,

15th Year Anniversary Committee
& Church Executive Members

# *2024-25 Religious Education Perfect Attendance Award Distribution*



## ചിക്കാഗോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയുടെ പതിനഞ്ചാമത് വാർഷികാഘോഷങ്ങൾ ആർച്ച് ബിഷപ്പ് മാർ മാത്യു മൂലക്കാട്ട് ഉദ്ഘാടനം ചെയ്യും



ചിക്കാഗോയിലെ രണ്ടാമത്തെ ഇടവകയും പ്രവാസി ക്നാനായ സമൂഹത്തിലെ ഏറ്റവും വലിയ ഇടവകയുമായ ചിക്കാഗോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയുടെ പതിനഞ്ചാമത് വാർഷികാഘോഷങ്ങൾ കോട്ടയം അതിരൂപതാധ്യക്ഷൻ മാർ മാത്യു മൂലക്കാട്ട് ഉദ്ഘാടനം ചെയ്യും. മെയ് **25** ഞായറാഴ്ച ഉച്ചകഴിഞ്ഞ് മൂന്നുമണിക്ക് നടത്തപെടുന്ന ആഘോഷമായ ദിവ്യകാരുണ്യ സ്വീകരണ തിരുക്കർമ്മങ്ങൾക്ക് ശേഷമായിരിക്കും വാർഷികാഘോഷങ്ങളുടെ ഉദ്ഘാടനം നിർവ്വഹിക്കപ്പെടുക. **2010** ജൂലൈ മാസത്തിൽ കൂദാശചെയ്യപ്പെട്ട സെന്റ് മേരീസ് ഇടവക ദൈവാലയം പതിനഞ്ചുവർഷങ്ങൾ പൂർത്തിയാക്കുമ്പോൾ, ആഘോഷങ്ങളുടെ ഭാഗമായി വിപുലമായ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. പങ്കാളിത്വത്തിൽ ആഗോള ക്നാനായ സമൂഹത്തിലെ തന്നെ ഏറ്റവും വലിയ ഇടവകയായി കരുതപ്പെടുന്ന ചിക്കാഗോ സെന്റ് മേരീസ്, ഭക്തിനിർഭരമായ തിരുക്കർമ്മങ്ങൾക്കും സജീവമായ മിനിസ്ട്രികളുടെ പ്രവർത്തനങ്ങൾക്കും പുറമെ, ആഗോള ക്നാനായ സമൂഹത്തിൽ നിസ്തുലമായ സേവന സന്നദ്ധ പ്രവർത്തനങ്ങളും നടത്തിവരുന്നു. ഭവന നിർമ്മാണ പ്രവർത്തനങ്ങൾക്ക് പുറമെ കേരളത്തിന്റെ വിവിധ ഭാഗങ്ങളിലായി നിരവധി സഹായങ്ങൾ നിർല്ലോഭമായി ചെയ്തുവരുന്ന ഇടവക എന്ന നിലക്ക്, ഈ ഇടവകയുടെ വാർഷികാഘോഷങ്ങൾ മാതൃകാപരമായി തന്നെ നടത്തേണ്ടതുണ്ട് എന്ന ബോധ്യത്തോടെയാണ് ആഘോഷങ്ങൾ ആസൂത്രണം ചെയ്തിരിക്കുന്നത്. ഈ ആഘോഷങ്ങളുടെ ഉദ്ഘാടനകർമ്മം നിർവ്വഹിക്കുന്നത് ഈ ദൈവാലയത്തിൽ പ്രഥമ ദിവ്യബലി അർപ്പിച്ച അഭി. മാർ മാത്യു മൂലക്കാട്ട് പിതാവാണ് എന്നത് ഏറെ സന്തോഷം നൽകുന്ന കാര്യമാണ് എന്ന് ഇടവക വികാരി ഫാ. സിജു മുടക്കോടിൽ അറിയിച്ചു.



*Welcome our new Asst. Vicar Fr. Anish Maveliputhenpura*

## Conclusion of Chicago St. Mary's Mission League's Charity Project to Take Place in Kottayam on May 25 with the Blessings of Apostolic Nuncio Mar Kurian Vayalunkal




The Chicago St. Mary's Knanaya Catholic Church Mission League Unit's year-long charity initiative titled **"Dedicate a Prayer, Donate a Meal"** will conclude on May 25 in collaboration with the Mission League Committee of the Archdiocese of Kottayam. The final celebration of this initiative will be held at Navjeevan, Kottayam, and will be graced by the presence of Apostolic Nuncio Mar Kurian Vayalunkal, making the occasion deeply blessed and spiritually enriching.

The Mission League of St. Mary's Church in Chicago launched this project last year with a dual focus: to spiritually uplift the community through dedicated prayer offerings and to serve the needy through regular meal donations. This charitable endeavor reflected the spirit of the Church's mission—rooted in compassion, prayer, and solidarity with the less fortunate.


As part of this initiative's final phase, His Grace Mar Mathew Moolakkattu, Metropolitan Archbishop of the Archeparchy of Kottayam, will lead a special prayer offering on the same day—Sunday, May 25—at St. Mary's Knanaya Catholic Church in Chicago, immediately following the 3:00 PM First Holy Communion Mass. This prayer service will connect the faithful in Chicago spiritually with the celebration and charitable activities happening in Kottayam, truly demonstrating the universality and unity of the Church's mission.

Simultaneously, at 10:00 AM IST on the same day in Kottayam, Fr. Jefin Ozhungalil, Director of the Mission League in the Archeparchy of Kottayam, will offer Holy Mass at Navjeevan to mark the spiritual conclusion of the initiative. Following the Mass, Apostolic Nuncio Mar Kurian Vayalunkal will preside over a special prayer service, and lead the charitable distribution of food and clothing to the poor—highlighting the physical expression of Christian love that the Mission League has promoted.

The Mission League Committee of the Archdiocese of Kottayam, in coordination with local partners and benefactors, has also planned a brief cultural meeting and artistic performances to accompany the closing ceremony. This will honor the volunteers and supporters who helped sustain the project across both continents.

Navjeevan Trust Founder Mr. P.U. Thomas, members of the Archdiocesan Administrative Council, and representatives from St. Mary's Knanaya Catholic Church, Chicago will participate in the event, highlighting the global connection and partnership that exists between the diaspora and the mother diocese in supporting charitable missions.

This initiative stands as a shining testimony to the missionary spirit that continues to thrive within the Knanaya Catholic community in Chicago and beyond. It represents a bridge of faith, love, and service that unites communities across the globe for a common cause: to serve Christ by serving the least among us. The joint efforts of the Mission League units in Chicago and Kottayam, supported by clergy, laity, and well-wishers, have transformed this project into a model of living Christian charity.



# ചിക്കാഗോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയിൽ നേഴ്സസ് മിനിസ്ട്രിക്ക് തുടക്കമായി



ചിക്കാഗോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയിൽ നേഴ്സസ് മിനിസ്ട്രിക്ക് ഔദ്യോഗികമായ തുടക്കം കുറിച്ചു. മെയ് **18** ഞായറാഴ്ച രാവിലെ പത്തുമണിക്കുള്ള വിശുദ്ധ കുർബ്ബാനയ്ക്ക് ശേഷം വികാരി ഫാ. സിജു മുടക്കോടിൽ അസി. വികാരി ഫാ. അനീഷ് മാവേലിപുത്തൻപുര എന്നിവരുടെ സാന്നിധ്യത്തിൽ നടപ്പെട്ട യോഗത്തോട്ടുകൂടിയാണ് നേഴ്സസ് മിനിസ്ട്രിക്ക് തുടക്കമായത്. ഫാ. സിജു മുടക്കോടിയുടെ പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിൽ, നേഴ്സസ് മിനിസ്ട്രിയുടെ ആവശ്യകതെയെക്കുറിച്ചും, ചരിത്രത്തെക്കുറിച്ചും ക്നാനായ റീജണിൽ നേഴ്സസ് മിനിസ്ട്രിയുടെ പ്രസക്തിയെക്കുറിച്ചും ഫാ. സിജു സംസാരിച്ചു. ദീർഘകാലം ഹോസ്പിറ്റൽ ചാപ്ലയിൻ ആയി സേവനം ചെയ്തിരുന്ന അവസരത്തിൽ രോഗികളുടെ ആരോഗ്യകാര്യങ്ങളിലുള്ള പരിപാലനത്തോടൊപ്പം, അവരുടെ ആത്മീയകാര്യങ്ങളിലും നിർണ്ണായകമായ ഇടപെടലുകളും സഹായങ്ങളും ക്രമീകരിക്കുന്നതിൽ നേഴ്സുമാർ കാണിച്ചിരുന്ന ശ്രദ്ധയും കരുതലും അദ്ദേഹം വിവരിച്ചു. നേഴ്സസ് മിനിസ്ട്രിയുടെ കോർഡിനേറ്റർ ലിസി മുല്ലപ്പള്ളി നേഴ്സസ് മിനിസ്ട്രിയിലൂടെ ആത്മീയമായും ജോലിസംബന്ധമായും വളരുകയും പരസ്പരം പിന്തുണക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകതെയെകുറിച്ച് സംസാരിച്ചു. ഷേർളി തോട്ടുങ്കൽ, ജൂലി കൊരട്ടിയിൽ, മാത്യൂസ് ജോസ്, ജീന കുരുട്ടുപറമ്പിൽ എന്നിവരെ ലിസി മുല്ലപ്പള്ളിയുടെ നേതൃത്വത്തിലുള്ള കമ്മറ്റിയിലേക്ക് തെരെഞ്ഞെടുത്തു. ഇടവക വികാരി ഫാ. സിജു മുടക്കോടിൽ, അസി. വികാരി ഫാ. അനീഷ് മാവേലിപുത്തൻപുര, സെക്രട്ടറി സിസ്റ്റർ ഷാലോം, കൈക്കാരന്മാരായ സാബു കട്ടപ്പുറം, ബിനു പൂത്തുറയിൽ, ലൂക്കോസ് പൂഴിക്കുന്നേൽ, ജോർജ്ജ് മറ്റത്തിപ്പറമ്പിൽ, നിബിൻ വെട്ടിക്കാട്ട്, പാരിഷ് കൗൺസിൽ സെക്രട്ടറി സണ്ണി മേലേടം, പി ആർ ഓ അനിൽ മറ്റത്തിക്കുന്നേൽ എന്നിവർ മിനിസ്ട്രിയുടെ ഉദ്ഘാടനയോഗത്തിന്റെ സജ്ജീകരണങ്ങൾക്ക് നേതൃത്വം നൽകി.











St. Mary's
Knanaya Catholic Parish of Chicago

# 15th Anniversary Celebrations

UPCOMING EVENTS

**Sunday 25 May**
**03.00 PM**
Holy Communion & 15th Anniversary Inauguration
Mar Mathew Moolakkattu

**Saturday 31 May**
Recognition of CCD Teachers

**Thursday 29 May**
**06.00 PM**
Reception to Major Archbishop
Pontifical Mass
Recognitions,
Blessing to the Graduates

Major Arch Bishop Mar Raphael Thattil,
Arch Bishop Mar Mathew Moolakkattu,
Bishop Mar Joy Alappatu,
Fr. Thomas Mulavanal,
Fr. Abraham Mutholath



St. Mary's
Knanaya Catholic Parish of Chicago

# FATHER'S DAY CELEBRATIONS
# JUNE 15TH SUNDAY





# St. Mary's Knanaya Catholic Church

## "THE SHRINE OF GUADALUPE" & MEXICO CITY

From Chicago
September 4-7, 2025

ALL-INCLUSIVE PACKAGE
featuring 5-star hotels



## TOUR HIGHLIGHTS

### Day 1

- Morning arrival in Mexico City & breakfast
- Visit the City, including the Zocalo, view the National Palace, Mass in the Basilica of Guadalupe
- After lunch, visit the Museum of Anthropology



### Day 2

- Pyramids of Teotihuacan & Coyoacan
- Lunch at Gran Teocalli in Teotihuacan
- Church of San Juan Bautista & Church of El Carmen



### Day 3

- Visit Mexico city and historic and Chapultepec Park Mass
- at Basilica of Our Lady of Ocotlan
- Shrine of San Miguel Del Milagros

### Day 4

- Visit Basilica of Guadalupe and Mass at the Basilica
- Shopping and transfer to the airport

**Group Leaders**
**Rev. Fr. Siju Mundakkodil**
**Johnikutty Pillaveettil**
847-924-3493

(847) 759-0899 | www.mathewstour.com | info@mathewstour.com